# പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.58 - 28/02/2017 – ലെ മറുപടിക്ക്**

## നോട്ട് അസാധുവാക്കൽ

**ചോദ്യം** **ഉത്തരം**

**ശ്രീ .മുഹമ്മദ് മുഹസിൻ പി.**
**ശ്രീമതി. ഇ.എസ്. ബിജിമോൾ**
**ശ്രീ. വി.ആർ. സുനിൽ കുമാർ**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ എത്രത്തോളം ബാധിച്ചുവെന്ന് വിശദമാക്കുമോ; | നോട്ട് നിരോധനം മൂലം പദ്ധതി പ്രവർത്തനങ്ങളിൽ ബാധിച്ച പ്രശ്നങ്ങളേയും ബജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയതുവഴി ഉണ്ടായ നഷ്ടത്തെയും സംബന്ധിച്ച് സർക്കാർ വിശദമായ കണക്കുകൂട്ടൽ നടത്തിയിട്ടില്ല. എന്നാൽ നോട്ട് നിരോധനം മൂലം കേരള സമ്പദ്വ്യവസ്ഥയ്ക്ക് സംഭവിച്ച ആഘാതത്തെക്കുറിച്ച് പഠിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് നിയമിച്ച കമ്മറ്റിയുടെ പഠന റിപ്പോർട്ടിൽ വിവിധ മേഖലകൾക്ക് സംഭവിച്ച ആഘാതത്തിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മൽസ്യ ബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷകണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു.<br>2. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസിക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ സാരമായി ബാധിച്ചു.<br>3. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, |
| ബി | ബജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയത് വഴി എത്രകോടി രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| | | ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നീ മേഖലകളിൽ നോട്ട് നിരോധനം കനത്ത ആഘാതമേൽപ്പിച്ചു.<br>4. നോട്ട് നിരോധനം സഹകരണ മേഖലയിലെ പണമിടപാടുകൾ സ്തംഭനാവസ്ഥയിലെത്തിച്ചു. |
| സി | പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ? | പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും അവ യഥാസമയം നിരീക്ഷിക്കുന്നതിനും സർക്കാർ തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ഓരോ മാസവും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ കാണുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും ഈ യോഗം വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേസ് എന്ന ഓൺ ലൈൻ സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും ചെലവിന്റെ പുരോഗതി യഥാസമയം നിരീക്ഷിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്ക് പദ്ധതി പുരോഗതിയുടെ ഓരോ മാസത്തെയും റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ഭരണാനുമതി നൽകികൊണ്ട് സമയ ബന്ധിതമായി നടപ്പാക്കുന്നതിനു വേണ്ടി പ്രധാനപ്പെട്ട പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്ന പദ്ധതികൾ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

Sreekumar

**സെക്ഷൻ ഓഫീസർ**